"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന "ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽപ്പെട്ടവർക്ക് സാമൂഹ്യപുനരധിവാസം" എന്ന പദ്ധതിയ്ക്കായി തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി കൊണ്ടും, പ്രസ്തുത പദ്ധതിയ്ക്കായുളള കർമ്മപദ്ധതി അംഗീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.318/2025/SJD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 06.10.2025-ലെ എസ്.ജെ.ഡി/4569/2025-സി.1 നമ്പർ കത്ത്.

2. 08.10.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്.

**ഉത്തരവ്**

ഇന്ന് സമൂഹത്തിൽ മദ്യപാനം, മയക്കമരുന്ന് മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വർദ്ധിച്ച് കൊണ്ടിരിക്കുന്നു. കുട്ടികളിലും യുവാക്കളിലും ലഹരിയുടെ ഉപഭോഗവും അത് സൃഷ്ടിക്കുന്ന കുടുംബ-സാമൂഹ്യ പ്രശ്നങ്ങളും കേരളീയ സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയാണ്. ഈ സാമൂഹ്യ പ്രശ്നത്തെ നേരിടുന്നതിന് വിവിധ വകുപ്പുകളുടെയും സർക്കാരിതര സംഘടനകളുടേയും പൊതുസമൂഹത്തിന്റെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്. ലഹരിയുടെ ഭാഗമായി ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ കുറയ്ക്കുന്ന നടപടിയുടെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം/വ്യാപനം എന്നിവയുമായി ബന്ധപെട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് സാമൂഹ്യ പുനരധിവാസം നടപ്പിലാക്കുകയും പ്രൊബേഷൻ ഓഫീസർമാർ മുഖേന ഓരോ ജില്ലയിലും 50 പേരെ വീതം പുനരധിവസിപ്പിക്കുന്നതിനായി നേർവഴി പദ്ധതിയിൻ കീഴിൽ പുതിയ ഘടകമായി ഉൾപ്പെടുത്തി കൊണ്ട് "ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽപ്പെട്ടവർക്ക് സാമൂഹ്യപുനരധിവാസം" എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്ത്വത്തിൽ സംസ്ഥാന-ജില്ലാ തലങ്ങളിൽ നടപ്പാക്കുന്നതിനായി 2025-2026 സാമ്പത്തിക വർഷത്തെ 2235-60-200-62-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് 6,36,500/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽ കണമെന്നും, പ്രസ്തുത പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ തയ്യാറാക്കിയ കർമ്മപദ്ധതി (നേർവഴി പദ്ധതിയുടെ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ-ന്റെ (എസ്.ഒ.പി.) അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) അംഗീകരിക്കണമെന്നും അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. 2025-2026 സാമ്പത്തിക വർഷത്തെ സംസ്ഥാന ധനാഭ്യർത്ഥനയിൽ 2235-60-200-62-പ്ലാൻ എന്ന ശീർഷകത്തിൽ "മയക്കുമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി -മോണിറ്ററിംഗ് ആന്റ് ഇവാല്യുയേഷൻ - സംസ്ഥാന പദ്ധതി" എന്ന പദ്ധതിയ്ക്കായി 10,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

3. പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ 2235-60-200-62-പ്ലാൻ എന്ന ശീർഷകത്തിൽ "മയക്കുമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി -മോണിറ്ററിംഗ് ആന്റ് ഇവാല്യുയേഷൻ - സംസ്ഥാന പദ്ധതി" എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള മൊത്തം 10,00,000/- രൂപയിൽ നിന്നും 6,36,500/- രൂപ (ആറുലക്ഷത്തി മുപ്പത്തിയാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) "ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽപ്പെട്ടവർക്ക് സാമൂഹ്യപുനരധിവാസം" എന്ന പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി കൊണ്ടും, പ്രസ്തുത പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ തയ്യാറാക്കിയ കർമ്മപദ്ധതി അംഗീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),
കേരളം. തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ),
പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 23-12-2025 15:23:32
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്